"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് 2003-04 മുതൽ 2008-09 വരെയുള്ള കാലയളവിൽ നടപ്പാതകളുടെ നിർമ്മാണവും പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് 23 പ്രവർത്തികൾക്കായി 1133418/- രൂപ ചെലവഴിച്ച നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(എഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1863/2024/LSGD തീയതി,തിരുവനന്തപുരം, 05-10-2024

---

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.06.2024 ലെ LSGD/PD/22617/2023-AM5 നമ്പർ കത്ത്

**ഉത്തരവ്**

തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് 2003-04 മുതൽ 2008-09 വരെയുള്ള കാലയളവിൽ നടപ്പാതകളുടെ നിർമ്മാണവും പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് 23 പ്രവർത്തികൾക്കായി 1133418/- (പതിനൊന്ന് ലക്ഷത്തി മുപ്പത്തി മൂവായിരത്തി നാന്നൂറ്റി പതിനെട്ട് രൂപ) രൂപ ചെലവഴിച്ച നടപടി സാധൂകരിച്ച് നൽകണമെന്നാവശ്യപ്പെട്ട് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശ പ്രകാരം കത്ത് ലഭ്യമാക്കുകയുണ്ടായി. സർക്കാർ മാർഗ്ഗ രേഖകൾ പ്രകാരം രണ്ട് ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതോ പുതിയ പ്രദേശങ്ങളിലേയ്ക്ക് കടക്കുന്നതോ ആയതും കുറഞ്ഞത് 8 മീറ്റർ വീതിയുള്ളതുമായ ലിങ്ക് റോഡുകളുടെ പ്രവർത്തികൾ മാത്രമേ ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കാവൂ എന്ന കാര്യം ഓഡിറ്റ് പരാമർശിക്കുകയും ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുകയും ചെയ്യുകയുണ്ടായി.

യാത്രാ സൗകര്യമില്ലാത്ത പ്രദേശങ്ങളിലേക്കുള്ള റോഡുകളാണ് ഇപ്രകാരം നിർമ്മിച്ചിട്ടുള്ളതെന്നും 8 മീറ്റർ കുറവുള്ള റോഡുകൾ ഏറ്റെടുക്കരുതെന്നുമുള്ളത് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും സൂചിപ്പിച്ച് ഓഡിറ്റിന് മറുപടി സമർപ്പിച്ചുവെങ്കിലും, ചെലവഴിച്ചിട്ടുള്ള തുകയ്ക്ക് സർക്കാർ സാധൂകരണം തേടണമെന്ന് അക്കൗണ്ടന്റ് ജനറൽ നിർദ്ദേശിക്കുകയുണ്ടായി. പ്രസ്തുത വിഷയം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും, ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിലെ യാത്രാ സൗകര്യം തീരെയില്ലാത്തതും ജനവാസം കൂടിയതുമായ ഈ മേഖലകളിലെ ജനങ്ങൾക്ക് ഉപകാരപ്പെടുമെന്ന് കണ്ടതിനാലാണ് മേൽ പ്രവർത്തി നടപ്പാക്കിയതെന്നും ഇതു മുഖേന സർക്കാർ ഫണ്ട് ദുരുപയോഗം ചെയ്തിട്ടില്ലാത്തതാണെന്നും കൂടാതെ മറ്റ് വീഴ്ചകളൊന്നും ഓഡിറ്റിൽ പരാമർശിച്ചിട്ടില്ലാത്തതുമാണെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സാധൂകരണം തേടുന്നതിന് കമ്മിറ്റി തീരുമാനിക്കുകയുണ്ടായി.

സർക്കാർ ഫണ്ട് ദുരുപയോഗം ചെയ്തിട്ടില്ലാത്തതിനാലും മറ്റ് വീഴ്ചകളൊന്നും ഓഡിറ്റിൽ പരാമർശിച്ചിട്ടില്ലാത്തതിനാലും പ്രവൃത്തികൾ നടന്നിട്ട് 10 വർഷത്തിലധികം ആയതിനാലും ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി സാധൂകരണത്തിന് ശിപാർശയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്, പ്രസ്തുത പ്രവൃത്തി ജനങ്ങൾക്ക് ഉപകാരപ്രദമായിരുന്നു, സർക്കാർ ഫണ്ട് ദുരുപയോഗം ചെയ്തിട്ടില്ല, മറ്റ്

വീഴ്ചകളൊന്നും ഓഡിറ്റിൽ പരാമർശിച്ചിട്ടില്ല എന്നിവ പരിഗണിച്ച് തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് 2003-04 മുതൽ 2008-09 വരെയുള്ള കാലയളവിൽ നടപ്പാതകളുടെ നിർമ്മാണവും പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് 23 പ്രവർത്തികൾക്കായി 1133418/- (പതിനൊന്ന് ലക്ഷത്തി മുപ്പത്തി മൂവായിരത്തി നാനൂറ്റി പതിനെട്ട് രൂപ) രൂപ ചെലവഴിച്ച നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം
വെബ് &ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ
Signed by
Reji R S
Date: 07-10-2024 11:17:04